**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5345** **15-03-2023 - ൽ മറുപടിയ്ക്ക്**

**ജൈവ വൈപ്പിൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 13.03.2015-ലെ 505/2015-ാം നമ്പർ ഉത്തരവ് പ്രകാരം നബാർഡ് ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെടുത്തി കൃഷിവകുപ്പ് 36 കോടി രൂപ ഭരണാനുമതി നൽകിയിരുന്നതും എന്നാൽ പ്രളയവും കോവിഡ് മഹാമാരിക്കും ശേഷം സി.ആർ.സെഡ്. ക്ലിയറൻസ് ലഭിച്ചപ്പോഴേക്കും കാലാവധി അവസാനിച്ചതുമായ വൈപ്പിൻ നിയോജകമണ്ഡലത്തിലെ വീരൻ പുഴ ഡ്രെഡ്ജിംഗുമായി ബന്ധപ്പെട്ട ജൈവ വൈപ്പിൻ പദ്ധതി മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | ആയത് സംബന്ധിച്ച് വൈപ്പിൻ എം.എൽ.എ. 17.10.2022-ന് സമർപ്പിച്ച കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതി നബാർഡ് ട്രാഞ്ചെ XXIX-ൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനോട് ബഹു. വൈപ്പിൻ എം.എൽ.എ. യുടെ 07/10/2022-ലെ കത്തിൽ ആവശ്യപ്പെട്ടിരുന്നു. നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചെ XXIX-ൽ ഉൾപ്പെടുത്തി നബാർഡിന്റെ അനുമതിയ്ക്കായി സമർപ്പിക്കുന്ന പദ്ധതികളുടെ ഡി.പി.ആർ. സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം 2023 മെയ് ജൂൺ മാസങ്ങളിലാണ് ലഭിക്കുന്നത്. ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ പദ്ധതി ഉൾപ്പെടുത്താനാവുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ